# 54

# നാം ജയിക്കുവാനുള്ള അഞ്ചു കാരണങ്ങൾ!

## (വെളിപ്പാട് 17:14-18)

വെളിപ്പാട് പുസ്തകത്തിന്റെ വിഷയം *വിജയം* ആണ്: നാം ദൈവത്തോടുകൂടെ വസിക്കുന്നുവെങ്കിൽ നാം ജയിക്കും! 17:14-ൽ പറയുന്നതാണ് ആ വാക്യം പ്രകടമാക്കുന്നത് എന്ന് ചിലർ വിശ്വസിക്കുന്നു: "അവർ കുഞ്ഞാടിനോട് പോരാടും, താൻ കർത്താധികർത്താവും രാജാധിരാജാവും[1] ആകകൊണ്ട്, കുഞ്ഞാട് തന്നോടുകൂടെയുള്ള വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും." "ഓവർകം" എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് *നികേ* എന്നാണ്, അർത്ഥം "വിക്ടറി" എന്നാണ്.

ആ വിജയം ചെറുതല്ല. നാഡി-യിടിക്കുന്ന വിധത്തിലും വിസ്തൃതമായ രീതിയിലുമാണ് ക്രിസ്ത്യാനിത്വത്തിന്റെ ശത്രുക്കളെ വരച്ചു കാണിച്ചിരിക്കുന്നത്. അദ്ധ്യായം 12 സർപ്പത്തെ പരിചയപ്പെടുത്തുന്നു, അദ്ധ്യായം 13 അവന്റെ രണ്ട് സഖ്യകക്ഷികളായ രണ്ട് മൃഗങ്ങളെ പറയുന്നു. അദ്ധ്യായം 17-ൽ ബഹുവർണ്ണങ്ങളാലാണ് സർപ്പത്തിന്റെ മൂന്നാമത്തെ സഖ്യകക്ഷിയെ വിവരിക്കുന്നത്: മഹതിയാം ബാബിലോൻ - അന്ന് അത്, റോമാ നഗരം ആയിരുന്നു.

ബാബിലോന്റെ സ്വാധീനശക്തി ദൂര-വ്യാപകമായിരുന്നു. 17:15-ൽ ദൂതൻ സ്ത്രീ പെരുവെള്ളത്തിന്മീതെ ഇരിക്കുന്നു എന്നു പറയുന്നത്, അവൾ, "വംശങ്ങളിന്മേലും, പുരുഷാരത്തിന്മേലും, ഭാഷകളിന്മേലും, ജനങ്ങളിന്മേലും" - ഇരിക്കുന്നു എന്നു പറഞ്ഞാൽ ലോകത്തിലെ സകല ജനത്തിന്മേലും എന്നർത്ഥം.

> വെളിപ്പാട് എഴുതിയ കാലത്ത് ... റോം മാഹാത്മ്യത്തിന്റെ പാരമ്യത്തിലെത്തിയിരുന്നു. ബ്രിട്ടീഷ് ദ്വീപുകൾ മുതൽ ആഫ്രിക്കൻ മരുഭുമി വരെയും, അറ്റ്ലാന്റിക് സമുദ്രം മുതൽ യൂഫ്രത്തേസ് നദി വരെയും അവളുടെ അതിരുകൾ വ്യാപിപ്പിച്ചിരുന്നു. ... അന്നത്തെ ആളുകൾക്ക് റോം എന്നു വെച്ചാൽ സർവ്വലോകം പോലെയായിരുന്നു.[2]

"ഭൂരാജാക്കന്മാരെ വാഴുന്ന നഗരം" എന്നാണ് 17:18-ൽ ബാബിലോനെ കുറിച്ച് പറഞ്ഞത്. ദൂതൻ പറയുന്നു "അവർ പത്തു രാജാക്കന്മാർ ... അവർ ഒരേ അഭിപ്രായമുള്ളവർ, അവർ തങ്ങളുടെ അധികാരവും ശക്തിയും മൃഗത്തിന് കൊടുക്കുന്നു. അവർ കുഞ്ഞാടിനോട് പോരാടും" (17:12-14).

"പോരാട്ടം" എന്ന് പറഞ്ഞത് മുൻപ് പറഞ്ഞ "യുദ്ധം" ആയിരിക്കാം,[3] എന്നാൽ 12:17-ൽ പറഞ്ഞ പോരാട്ടം ആകുവാനാണ് കൂടുതൽ സാധ്യത,[4] നിരുൽസാഹപ്പെട്ട സർപ്പം "ദൈവകൽപന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം പിടിച്ചിരിക്കുന്നവരുമായും" "യുദ്ധം ചെയ്യുവാനായി പോയി." മറ്റൊരു വാക്കിൽ പറഞ്ഞാൽ, അത് നന്മയും തിന്മയും തമ്മിൽ തുടരുന്ന പോരാട്ടമാണ്, നാം ഓരോരുത്തരും ഏർപ്പെട്ടിരിക്കുന്ന പോരാട്ടമാണ് അത്.[5]

കർത്താവിനെതിരായ പോരാട്ടം നിങ്ങളുടെ മനസിലേക്ക് കൊണ്ടുവന്നാൽ, "കുഞ്ഞാട് അവരെ ജയിക്കും" എന്ന വാക്കുകളെ നിങ്ങൾ അനുമോദിക്കുക തന്നെ ചെയ്യും. അത് അപ്രധാനമായ വിജയമല്ല എന്ന് ഞാൻ ഉറപ്പിച്ചു പറയട്ടെ!

ആ വിജയത്തിൽ പല ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്, എന്നാൽ നമ്മുടെ വേദഭാഗത്തെ അഞ്ചിനെ ഞാൻ ഉയർത്തി കാണിക്കുവാൻ ആഗ്രഹിക്കുന്നു: നാം ജയിക്കുന്നതിനുള്ള അഞ്ചു കാരണങ്ങൾ!

### യേശു രക്തം ചിന്തിയതിനാൽ നാം ജയിക്കുന്നു (17:14)

"*കുഞ്ഞാട്* അവരെ ജയിക്കും" എന്നു നമ്മുടെ വേദഭാഗം പറയുമ്പോൾ, ഞാൻ ഓർക്കുന്നത് അദ്ധ്യായം 5-ൽ കുഞ്ഞാടിനെ നമുക്ക് പരിചയപ്പെടുത്തിയതാണ്: "ഞാൻ സിംഹാസനത്തിന്റേയും ... നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും ഒരു കുഞ്ഞാട് *അറുക്കപ്പെട്ടതായി* നിൽക്കുന്നത് ഞാൻ കണ്ടു" (വാ. 6; എംഫസിസ് മൈൻ). അത്, വീണ്ടും എന്നെ അദ്ധ്യായം 12 ലെ സാത്താനായ മഹാ സർപ്പത്തിന്റെ പരാജയ രംഗമാണ് ഓർപ്പിക്കുന്നത്: "അപ്പോൾ സ്വർഗത്തിൽ ഒരു മഹാ ശബ്ദം പറഞ്ഞു കേട്ടത്, ... 'ഇപ്പോൾ, നമ്മുടെ സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലൊ. അവർ അവനെ *കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും* തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു' (വാ. 10, 11; എംഫസിസ് മൈൻ). വേറെ എന്തെല്ലാം ഘടകങ്ങൾ ഉൾപ്പെട്ടിരുന്നാലും, അവസാനം "കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടാണ്" നാം ജയിക്കുന്നത് എന്ന കാര്യം നാം ഒരിക്കലും മറക്കരുത്. എഫ്. ഡബ്ലിയു. ഫറർ എഴുതി,

> ... എല്ലാവരും എതിർത്തിട്ടും ക്രിസ്ത്യാനിത്വം ജയിച്ചു ... ക്രേത്യ ക്ഷേത്രങ്ങളിലെ ഭൂഗർഭ കല്ലറകളെ ജയിച്ചു, പാനപാത്രത്തിന്മേലും, വിരുന്നിന്മേലും ... ലജ്ജിക്കുന്ന കുരിശ് ജയിച്ചു ... വഴിതെറ്റിക്കുന്ന ലോകത്തിന്റെ ആശയങ്ങളും, ലഹരിപിടിപ്പിക്കുന്ന സന്തോഷങ്ങളും, ലോകത്തിന്റെ ആകർഷണീയമായ പുരാണങ്ങളും, സദാചാരമില്ലാത്ത മതവും ... എല്ലാം മരക്കുരിശിൽനിന്ന് ഓടിപ്പോയി! അതേ എന്റെ സഹോദരന്മാരേ, ലോകത്തിലെ വാസ്തവത്തിലുള്ള രാജാവ് തന്റെ രക്തം പുരണ്ട കയ്യിൽ പിടിച്ചിരിക്കുന്ന കുരിശ് നിമിത്തം, തന്റെ അനുയായികളുടെ ബലഹീനതകളെ അവൻ ശക്തീകരിച്ചു, തന്റെ ഉയർത്തെഴുന്നേൽപിനാൽ എല്ലാവരേയും അവങ്കലേക്ക് ആകർഷിച്ചു.[6]

### പാപം സ്വയം-നശിപ്പിക്കുന്നതാകയാൽ നാം ജയിക്കുന്നു (17:16)

നാം ജയിക്കുന്നതിനുള്ള മറ്റൊരു ഘടകം നമുക്ക് വാക്യം 16-ൽ കാണാം. വാക്യം ആദ്യം പറയുന്നു "മൃഗവും ... പത്തു കൊമ്പുകളും" വേശ്യ വഴിതെറ്റിച്ച രാജാക്കന്മാരായിരിക്കാം ഒരുപക്ഷെ "പത്ത് കൊമ്പുകൾ" (17:2) അവരുടെ സഖ്യത മൃഗത്തിന് ഏൽപിക്കുകയും ചെയ്തിരിക്കുന്നു (17:12, 13).[7] ബാബിലോൻ മൃഗത്തിന്മേൽ ഇരിക്കുന്നതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത് (17:3). രാജാക്കന്മാർ മൃഗത്തെയും വേശ്യയെയും ആശ്രയിച്ചിരിക്കുന്നു എന്നാണ് ഊന്നി പറയുന്നത്.

ആശ്രിതാവസ്ഥയിലായിരുന്ന രാജാക്കന്മാരും മൃഗവും അവസാനം

സ്ത്രീക്കെതിരെ തിരിഞ്ഞു എന്ന ഞെട്ടിക്കുന്ന പ്രസ്താവനയാണ് വാക്യം 16 നൽകുന്നത്.[8] "ഒരിക്കൽ അവരെ വശീക[രിച്ച] വേശ്യയെ സാത്താന്റെ യുക്തിഹീനമായ പകയോടെ അവൾക്കെതി [രായി ...]''[9] അവർ "വേശ്യയെ ശൂന്യവും നഗ്നവുമാക്കി,[10] അവളുടെ മാംസം[11] തിന്നുകയും,[12] തീകൊണ്ട്[13] ദഹിപ്പിക്കയും[14] ചെയ്യും."

വെറുപ്പ് പേജിൽ മിന്നുന്നു. തങ്ങളുടെ മുൻ പ്രേമഭാജനത്തെ രാജാക്കന്മാർക്കും മൃഗത്തിനും കൊന്നാൽ മാത്രം പോരാ. അവളെ അപവിത്രമാക്കുവാനായിരുന്നു അവരുടെ താൽപര്യം. അവളുടെ മുഴുവൻ നാശത്തിൽ കുറഞ്ഞൊന്നും അവർ ആഗ്രഹിച്ചില്ല. അത് നടുക്കുന്ന ഒരു അറുംകൊലയുടെ രംഗമായിരുന്നു.[15]

അത്, അദ്ധ്യായം 18-ൽ റോമാ നഗരത്തെ നശിപ്പിക്കുന്ന വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിന് മുൻപുള്ള കാഴ്ച്ചയായിരുന്നു. "മഹാ വേശ്യയുടെ ന്യായവിധി കാണിച്ചു തരാം" എന്നായിരുന്നു വാക്യം 1-ൽ ദൂതൻ യോഹന്നാനോട് പറഞ്ഞത്. *അതെങ്ങനെ* സംഭവിക്കുമെന്ന് അപ്പൊസ്തലനെ മുൻകൂട്ടി കാണിക്കുക എന്നതായിരുന്നു വാക്യം 16 ന്റെ ഉദ്ദേശം: അവസാനം അവളുടെ സഖ്യകക്ഷികൾ അവൾക്കെതിരെ തിരിഞ്ഞു.

> വൈവിധ്യമുള്ള ആളുകളെ ഒന്നാക്കി സംയോജിപ്പിക്കുവാൻ കഴിയാതിരുന്നതായിരുന്നു റോമിന്റെ ബലഹീനത. ശക്തി ഉപയോഗിച്ചു റോമിന് കീഴ്പ്പെടുത്തി നിയന്ത്രിക്കുവാൻ കഴിഞ്ഞിരുന്നു, എന്നാൽ അതിന് പരസ്പരാശ്രയത്വമുള്ളതും തുല്യലക്ഷണമുള്ളതുമായ ഏക സാമ്രാജ്യമാക്കുവാൻ കഴിഞ്ഞില്ല. നെബൂഖെദ്നേസർ ഒരു ദർശനത്തിൽ, നാലാമത്തെ വലിയ രാജ്യമായ റോം "ഒരു ഭാഗം ഇരുമ്പും, മറ്റൊരു ഭാഗം കളിമണ്ണും ആയി കണ്ടതിന്റെ അർത്ഥം രാജ്യത്തിന്റെ ഒരു ഭാഗം ശക്തിയുള്ളതും മറ്റൊരു ഭാഗം ബലഹീനവും ആയിരിക്കും ... ഇരിമ്പും കളിമണ്ണും യോജിക്കാത്തതുപോലെ അവർ തമ്മിൽ തമ്മിൽ യോജിക്കുകയില്ല" എന്ന വെളിപ്പാട് അവന് ലഭിച്ചു (ദാനിയേൽ 2:42, 43; ഏഎസ്വി).[16]

കഴിഞ്ഞ പാഠത്തിൽ, വേശ്യയുടേയും മൃഗത്തിന്റേയും സഖ്യകക്ഷികൾ ശരിയായ സ്നേഹത്തിന്റെ ഫലമായുണ്ടായതല്ല, സ്വാർത്ഥ-ലാഭത്തിനു വേണ്ടി കൂട്ടു ചേർന്നതാണെന്ന് ഞാൻ പറയുകയുണ്ടായി. അത്തരം രാഷ്ട്രീയ സഖ്യങ്ങൾ നാം കണ്ടിട്ടുണ്ട്. ആ രീതിയിലുള്ള ബന്ധങ്ങൾ ആരംഭം മുതൽ അസ്വാരസ്യങ്ങൾ പുറപ്പെടുവിക്കയും അവസാനം ഒരാൾ മറ്റൊരാളുടെ തോളിൽ കയറുകയും ചെയ്യും.

പല എഴുത്തുകാരും വാക്യം 16 അക്ഷരികമായാണ് എടുക്കുന്നത്. റോമാ നഗരത്തെ മിക്കവാറും തീക്കിരയാക്കിയ, നീറോയെ കുറിച്ചാണ് അവിടെ പറയുന്നതെന്ന് ചിലർ വിചാരിക്കുന്നു. 400 കളിൽ നഗരത്തെ അതിക്രമിച്ച് കവർച്ച ചെയ്ത കിരാത പ്രവൃത്തിയെയാണ് പറയുന്നതെന്ന് വേറെ ചിലർ വിശ്വസിക്കുന്നു. ഹെന്റി സ്വെറ്റ് എഴുതി, "[*റോമാ സാമ്രാജ്യത്തിന്റെ*] *ശോഷിപ്പും പതനവും* പ്രവചിച്ച വിശുദ്ധ യോഹന്നാന്റെ പൊതുവായ പ്രവണതയെ ന്യായീകരിക്കേണ്ട ആവശ്യം ഒരു വായനക്കാരനും ഉണ്ടാവുകയില്ല."[17] നാം ആ വാക്യം അക്ഷരികമായി എടുത്താലും ഇല്ലെങ്കിലും, അവിടെ പഠിപ്പിക്കുന്നത്, അവസാനം, റോമിന്റെ പാപം തീർച്ചപ്പെടുത്തുകയും അതിൽ അവളെ പി

ടിക്കുകയും ചെയ്യും.[18] തന്റെ സ്നേഹിതന്മാർ എന്ന് കണക്കാക്കിയവരെ അവൾക്ക് ആശ്രയിക്കുവാൻ കഴിയാതെ വരും.

ഞാൻ കമെന്ററികളിലൂടെ പർവ്വതാരോഹണം നടത്തിയപ്പോൾ, ഏതാണ്ട് വിഷമമുള്ള ഒരു ആവർത്തനം കണ്ടെത്തി: ഓരോ പാപവും "നാശത്തിന്റെ വിത്ത് വിതക്കുന്നു" എന്ന് വ്യാഖ്യാതാക്കൾ ഊന്നി പറയുന്നു. ആ തത്വമാണ് വാക്യം 16-ൽ ചിത്രീകരിച്ചിരിക്കുന്നത്. അവസാനം, തിന്മ സ്വയം-നശിപ്പിക്കും. ദാവീദ് എഴുതി, "ദുഷ്പ്രവൃത്തിക്കാരുടെ നിമിത്തം നീ മുഷിയരുത്, ... അവർ പെട്ടെന്ന് പുല്ല് പോലെ വാടി പോകുന്നു" (സങ്കീർത്തനങ്ങൾ 37:1, 2). ഈ കാഴ്ച്ചപ്പാട് നമുക്ക് നൽകിയിട്ടുള്ളതിനാൽ, തിന്മ പ്രബലമെന്ന് തോന്നുന്നില്ല.

### ദൈവം നിയന്ത്രിക്കുന്നതുകൊണ്ട് നാം ജയിക്കും (17:17)

നാം ജയിക്കുമെന്ന് ആത്മവിശ്വാസം പകരുന്നതാണ് വാക്യം 17. വെളിപ്പാടിൽ വെച്ച് നമ്മെ ചിന്തിപ്പി-ക്കുന്ന വാക്യമാണ് ഇത്: "ദൈവത്തിന്റെ വചനം നിവർത്തിയാകുവോളം തന്റെ ഹിതം ചെയ്വാനും ഒരേ അഭിപ്രായം നടത്തുവാനും തങ്ങളുടെ രാജത്വം മൃഗത്തിന് കൊടുപ്പാനും ദൈവം അവരുടെ ഹൃദയത്തിൽ തോന്നിച്ചു."[19] പത്ത് രാജാക്കന്മാർക്ക് ഏക ഉദ്ദേശമാണ് ഉണ്ടായിരുന്നതെന്നും അവർ അധികാരവും ശക്തിയും മൃഗത്തിന് ഏൽപിച്ചു കൊടുത്തു എന്നും മുൻപ്, പറഞ്ഞുവല്ലൊ (17:13). ഇപ്പോൾ, അത് ചെയ്യുവാനായി ദൈവം "തോന്നിച്ചു" എന്നാണ് വാക്യം 17 പറയുന്നത്, അത് *അവന്റെ* ഉദ്ദേശം നടപ്പാക്കേണ്ടതിനും *അവന്റെ* വചനം നിവർത്തിയാകേണ്ടതിനുമാണ്! അവസാനം ദൈവത്തിന്റെ ശത്രുക്കൾ ചെയ്തതെല്ലാം അവരറിയാതെ[20] ദൈവനാമം നിമിത്തമായി മാറും.

അത് അതിശയകരമായ ആശയമല്ലേ? മൃഗത്തോട് രാജാക്കന്മാർക്കുള്ള സഖ്യത ക്രിസ്ത്യാനികൾക്ക് ഹാനികരമായിരുന്നു, ആ സഖ്യത തന്നെ അവസാനം ബാബിലോന്റെ നാശത്തിന് വഴി ഒരുക്കി എന്നാണ് വാക്യം 17 പറയുന്നത്.

ദൈവം ഇതെങ്ങനെ അവരുടെ ഉള്ളിൽ തോന്നിച്ചുവെന്നോ, അല്ലെങ്കിൽ ദൈവം അവരെ എങ്ങനെ നിയന്ത്രിച്ചുവെന്നോ എന്നോട് ചോദിക്കരുത്. എനിക്ക് അറിയില്ല, എന്നാൽ, അവൻ അങ്ങനെ ചെയ്തു എന്നു വിശ്വാസത്താൽ ഞാൻ അംഗീകരിക്കുന്നു. തനിക്കെതിരായി നീങ്ങുന്ന ദേശങ്ങളെ തമ്മിൽ ഉപയോഗിച്ചും നിയന്ത്രിച്ചും അനുകൂലമാക്കി ദൈവം പ്രവർത്തിപ്പിക്കും എന്നു കാണിക്കുന്ന ധാരാളം ഉദാഹരണങ്ങൾ ബൈബിളിലുണ്ട്. ഹോമർ ഹെയ്‌ലി പറഞ്ഞു,

> ദൈവം എങ്ങനെ തന്റെ ഹിതം നിറവേറ്റുവാൻ "അവരുടെ ഉള്ളിൽ തോന്നിച്ചു" എന്ന് ചോദിക്കുന്നത് മൗഢ്യമാണ്, കാരണം അത് ദൈവത്തിന് മാത്രമെ അറിയാവു. തന്റെ ഉദ്ദേശം നിറവേറ്റുവാൻ ദൈവം വ്യക്തികളെയും ദേശങ്ങളെയും ഉപയോഗിച്ചിരുന്നതായി ചരിത്രം വ്യക്തമാക്കുന്നു. ഗിദെയോന്റെ കാലത്ത് മിദ്യാനിൽ സംഭവിച്ചതുപോലെ, ഒരു രാജ്യത്തിൽ തന്നെ ആഭ്യന്തര കലഹം പുറപ്പെടുവിക്കുവാൻ കഴിയും (ന്യായാധിപന്മാർ 7:22), ശൗലിന്റെ കാലത്ത് ഫെലിസ്ത്യയിലും അങ്ങനെ സംഭവിച്ചു (1 ശമുവേൽ 14:20). അമ്മോന്യരും മോവാബ്യരും സേയീർ പർവ്വതനിവാസികളോട് പോരാടിയപ്പോൾ യെഹോശാ

ഫാത്ത് രാജാവിന് വാൾ എടുക്കാതെ തന്നെ ദൈവം വിജയം നൽകി (2 ദിനവൃത്താന്തം 20:23).[21]

ദാനിയേൽ പ്രവാചകൻ പറഞ്ഞു, "അത്യുന്നതനായവൻ മനുഷ്യരുടെ രാജാക്കന്മാരെ വാഴുന്നു" (ദാനിയേൽ 4:17). ആ സത്യം വെളിപ്പാടിൽ വീണ്ടും വീണ്ടും പറയുന്നു - നാം പഠിച്ചുകൊണ്ടിരിക്കുന്ന വേദഭാഗമൊഴിച്ച് മറ്റൊന്നും ഇത്ര വ്യക്തമായി പറയുന്നില്ല!

### യേശു എല്ലാവരുടേയും കർത്താവാകയാൽ നാം ജയിക്കുന്നു (17:14)

നാം പറഞ്ഞതെല്ലാം വാക്യം 14 ലെ മുഖ്യ ചിന്തയെ കുറിച്ചുള്ളതാണ്: "*കർത്താധികർത്താവും രാജാധിരാജാവും* ആയ കുഞ്ഞാട് അവരെ ജയിക്കും" (വാ. 14; എംഫസിസ് മൈൻ)! അദ്ധ്യായം 19-ൽ യേശു കീഴ്പ്പെടുത്തുവാനായി വരുമ്പോൾ, ഈ നാമം അവന്റെ അങ്കിയിൽ എഴുതിയിരിക്കും: "രാജാധിരാജാവും കർത്താധികർത്താവും" (വാ. 16).[22] ക്രിസ്തുവിന്റെ വാഴ്ച്ചയെ കുറിച്ച്, നെപ്പോളിയൻ പറഞ്ഞു,

> നിങ്ങൾ പറയുന്നത് ചക്രവർത്തിമാരും അവരുടെ അധികാരങ്ങളുമാണല്ലൊ. ശരി. മഹാനായ അലക്സാണ്ടറും, ജൂലിയസ് സീസറും, ചാൾമെയിനും, ഞാനും കണ്ടെടുത്തു, എന്നാൽ എന്തിന്മേലാണ് ഞങ്ങൾ കണ്ടെടുത്തത്?ശക്തിയിന്മേൽ. എന്നാൽ ക്രിസ്തു കണ്ടെടുത്തതോ തന്റെ സ്നേഹത്തിന്മേലായിരുന്നു. ഈ സമയത്ത്, ദശലക്ഷക്കണക്കിന് ആളുകൾ അവന്നു വേണ്ടി മരിക്കുവാൻ തയ്യാറായിരിക്കുന്നു ... അവിടെ സൈന്യത്തെ ഞാൻ കാണുന്നില്ല, കൊടിയോ യുദ്ധക്കളമോ ഇല്ല, പക്ഷെ ക്രിസ്ത്യാനിത്വത്തിന്റെ താൽപര്യത്തോടെ പ്രവർത്തിക്കുന്ന മർമ്മമായ ഒരു ശക്തി ഞാൻ കാണുന്നു - മനുഷ്യർ അദൃശ്യമായ ഒരു പൊതുവിശ്വാസത്തിനായി രഹസ്യത്തിൽ ജീവിക്കുന്നു. എന്റെ ആയ്ഷ്ക്കാലത്തിനു മുൻപ് ഞാൻ മരിക്കയും, എന്റെ ശരീരം കൃമിക്ക് ഇരയാകേണ്ടതിന്ന് മണ്ണിനു നൽകപ്പെടുകയും ചെയ്യും. അതാണ് മഹാനായ നെപ്പോളിയൻ എന്നറിയപ്പെട്ടവന്റെ വിധി. എന്നാൽ ക്രിസ്തുവിനെ നോക്കുക, അവന്റെ രാജ്യത്തെ നോക്കുക, എല്ലാ ദേശത്തും അവനെ ആദരിക്കുകയും സ്നേഹിക്കുകയും, അവന്റെ രാജ്യം മറ്റെല്ലാ രാജ്യത്തെക്കാളും ഉയർന്നു കൊണ്ടിരിക്കയും ചെയ്യുന്നു. അവന്റെ ജീവിതം വെറുമൊരു മനുഷ്യന്റെ ജീവിതം ആയിരുന്നില്ല. അവന്റെ മരണം ഒരു മനുഷ്യന്റേതായിരുന്നില്ല, അവന്റെ മരണം ദൈവത്തിന്റേതായിരുന്നു.[23]

മുൻപ്, ദൈവമാണ് നിയന്ത്രിക്കുന്നതെന്ന് ഞാൻ ഊന്നി പറയുകയുണ്ടായി. ഇപ്പോൾ അത് വലിയ അക്ഷരത്തിൽ എഴുതുക: ദൈവമാണ് നിയന്ത്രിക്കുന്നത്.

### തന്റെ പദ്ധതിയിൽ യേശു നമ്മെ ഉൾപ്പെടുത്തിയതിനാൽ നാം ജയിക്കും (17:14)

നാം ഇതുവരെ പറഞ്ഞതെല്ലാം ആവേശം ജനിപ്പിക്കുന്നതാണ്, എന്നാൽ *കർത്താവ് എന്തുകൊണ്ട് ജയിക്കുന്നു* എന്നതിനാണ് പ്രാധാന്യം. "ജയിക്കുന്ന

തി*നുള്ള* അഞ്ചു കാരണങ്ങൾ" എന്നതാണ് നമ്മുടെ വിഷയം. ഒരർത്ഥത്തിൽ അവസാന സത്യം നമ്മെ കൂടുതൽ ആഹ്ലാദിപ്പിക്കും: കർത്താവ് തന്റെ വലിയ പദ്ധതിയിൽ നമ്മെ ഉൾപ്പെടുത്തിയിരിക്കയാൽ നാം ജയിക്കുന്നു.

അവൻ "കർത്താധികർത്താവും രാജാധിരാജാവുമാകയാൽ" കർത്താവ് ജയിക്കും എന്ന് പറഞ്ഞ ശേഷം, അവൻ മാത്രമല്ല എന്നും വേദഭാഗം പറയുന്നു.[24] അവന്റെ കൂട്ടാളികളുടെ സ്വഭാവങ്ങളും വ്യക്തമാക്കുന്നു: "അവനോടു കൂടെയുള്ളവർ വിശ്വസ്തരും തിരഞ്ഞെടുക്കപ്പെട്ടവരും ആകുന്നു" (വാ. 14).

തീർച്ചയായും, ക്രിസ്തുവിനോടുകൂടെ ജയം പങ്കിടുന്നവരെ ഇതിലധികമായി വിവരിക്കേണ്ടതില്ല. ആ വാക്കുകൾ കർത്താവ് നമുക്ക് ചെയ്തതും അതിനോട് നമുക്കുള്ള പ്രതികരണവും പ്രകടിപ്പിക്കുന്നതാണ്: ആദ്യമായി നമ്മെ "വിളിച്ചു." ക്രിസ്തു, ഭൂമിയിലായിരുന്നപ്പോൾ, യേശു തന്റെ ശിഷ്യന്മാരോട്, "എന്നെ അനുഗമിക്ക" എന്നു പറഞ്ഞു (മത്തായി 4:19; 8:22; 9:9; 19:21). ഇന്ന്, നമ്മെ സുവിശേഷത്താലാണ് വിളിക്കുന്നത് (2 തെസലൊനിക്യർ 2:14), എന്നാൽ വെല്ലുവിളി ഒന്നു തന്നെയാണ്: "പിന്നെ യേശു പറഞ്ഞു, ... ഒരുത്തൻ എന്നെ അനുഗമിപ്പാൻ ഇഛിച്ചാൽ, തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്തായി 16:24). ക്രിസ്ത്യാനികളെ ലേഖനങ്ങളിൽ "വിളിക്കപ്പെട്ടവർ" എന്നു വിളിച്ചിരിക്കുന്നതുകൊണ്ട് (റോമർ 1:6, 7; 1 കൊരിന്ത്യർ 1:24; യൂദാ 1), അവർ ദൈവ വിളി *സ്വീകരിച്ചവരാണ്* എന്ന് ആ വാക്കിൽ അന്തർലീനമാണ് എന്ന് കൂടെ പറയണം.[25]

നാം തിരഞ്ഞെടുക്കപ്പെട്ടവരാണ് (2 തെസലൊനികൃർ 2:13; 2 തിമൊഥെയൊസ് 2:10; തിത്തൊസ് 1:1; 1 പത്രൊസ് 1:1). ആ വിവരണ വാക്ക് "വിളിക്കപ്പെട്ട" എന്ന വാക്കിനോട് ബന്ധപ്പെട്ടിരിക്കുന്നു, എന്നാൽ അതിൽ കൂടുതൽ അർത്ഥം അതിനുണ്ട്. ദൈവത്തിന്റെ ക്ഷണം നിരസിക്കുന്നവരെ കുറിച്ച് യേശു സംസാരിക്കുമ്പോൾ, അവൻ പറഞ്ഞു, "വിളിക്കപ്പെടുന്നവർ അനേകം, തിരഞ്ഞെടുക്കപ്പെടുന്നവർ ചുരുക്കം" (മത്തായി 22:14). "തിരഞ്ഞെടുക്കപ്പെടുന്നവർ" എന്ന വാക്കിലും ദൈവ ക്ഷണത്തോടുള്ള പ്രതികരണം അടങ്ങിയിരിക്കുന്നു, എന്നാൽ നാം "ദൈവകരം പിടിക്കപ്പെട്ടവരാണ്" എന്ന് ഊന്നി പറയട്ടെ – നാം ആരാണ് അല്ലെങ്കിൽ എന്താണ് എന്ന അടിസ്ഥാനത്തിലല്ല (1 കൊരിന്ത്യർ 1:27), പക്ഷെ അവന്റെ സഹായത്താൽ നമുക്ക് എന്തായി *ത്തീരാൻ* കഴിയും എന്നതിന്റെ അടിസ്ഥാനത്തിലാണ് (കൊലൊസ്യർ 3:12).

അവസാന വാക്ക് "വിശ്വസ്തമായ" എന്നതാണ്. ആദ്യത്തെ രണ്ടു വാക്കുകളും ദൈവത്തിൽ ഊന്നൽ ചെലുത്തിയതാണ്; ഈ വാക്ക് നമ്മിൽ ഊന്നൽ ചെലുത്തിയിരിക്കയാണ്. ദൈവം നമ്മെ വിളിച്ച് തിരഞ്ഞെടുത്തിരിക്കയാൽ അവൻ നമ്മിൽ ആത്മവിശ്വാസം പ്രകടിപ്പിച്ചിരിക്കയാണ്; ഇപ്പോൾ നാം അവനോട് വിശ്വസ്തത പുലർത്തി അവന്റെ ആത്മവിശ്വാസത്തിന് യോഗ്യരാണെന്ന് തെളിയിക്കണം. "ഒരു ഗൃഹവിചാരകനിൽനിന്നു ദൈവം പ്രതീക്ഷിക്കുന്നത് വിശ്വസ്തതയാണ്" (1 കൊരിന്ത്യർ 4:2; കെജെവി).[26] ഇപ്പോഴേക്ക് നിങ്ങൾ വെളിപ്പാട് 2:10 മനഃപ്പാഠമാക്കിയിരിക്കുമല്ലൊ: "മരണപര്യന്തം വിശ്വസ്തമായിരിക്കുക ...".

**ഉപസംഹാരം**

എന്തുകൊണ്ട് നാം വിജയിക്കുമെന്ന ആത്മവിശ്വാസമുള്ളവരാകണം? നാം പഠിച്ച വേദഭാഗത്ത് ചുരുങ്ങിയത് അഞ്ചു കാരണങ്ങൾ പറയുന്നു:

(1) കാരണം യേശു നമുക്ക് വേണ്ടി രക്തം ചിന്തി; (2) കാരണം അവസാനം പാപം സ്വയം-നശിക്കും; (3) കാരണം, ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത്; (4) കാരണം യേശു എല്ലാവരുടേയും കർത്താവാണ്. ആ നാലു കാരണങ്ങൾ മാറ്റമില്ലാത്തതാണ്. അഞ്ചാമത്തെ കാരണം, എങ്ങനെയായാലും, നിങ്ങളേയും എന്നെയും സംബന്ധിച്ച് സങ്കീർണ്ണമായതാണ്; (5) കാരണം കർത്താവ് തന്റെ പദ്ധതിയിൽ നമ്മെ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ അവസാനത്തെ കാരണത്തിന് പ്രത്യേകതയുണ്ട്: അതിൽ "വിളിക്കപ്പെട്ടവരും, തിരഞ്ഞെടുക്കപ്പെട്ടവരും, വിശ്വസ്തരും മാത്രമെ ഉണ്ടാകയുള്ളു."

നമ്മെ ഓരോരുത്തരേയും സുവിശേഷത്താൽ വിളിച്ചതാണ്, എന്നാൽ വിശ്വാസത്താലും, മാനസാന്തരത്താലും സ്നാനത്താലും ആ വിളിയെ നാം സ്വീകരിച്ചോ (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38)? "രക്ഷക്കായി" ദൈവം നമ്മെ തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നു (2 തെസലൊനിക്യർ 2:13), എന്നാൽ നമ്മെ മെനഞ്ഞ് രൂപപ്പെടുത്തുവാൻ അവനെ നാം അനുവദിക്കുന്നുണ്ടോ? കർത്താവ് എല്ലാ കാര്യത്തിലും വിശ്വസ്തനായിരിക്കും (എബ്രായർ 10:23; വെളിപ്പാട് 3:14; 19:11), എന്നാൽ നാം അവനോട് വിശ്വസ്തരായിരുന്നിട്ടുണ്ടോ (എഫെസ്യർ 1:1; കൊലൊസ്യർ 1:2)? നിങ്ങൾ "വിളിക്കപ്പെട്ട്, തിരഞ്ഞെടുക്കപ്പെട്ട്, വിശ്വസ്തരായവരിൽ" ഉൾപ്പെടുന്നില്ലെങ്കിൽ അദ്ധ്യായം 17 ലെ ഉറപ്പ് നിങ്ങൾക്ക് ലഭിക്കുകയില്ല. നിങ്ങൾ വിശ്വാസത്താലും, അനുസരണത്താലും കർത്താവിങ്കലേക്ക് വരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, *ഇപ്പോൾ* തന്നെ ചെയ്യുക.

---

### പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

വാക്യം 14 അടിസ്ഥാനമാക്കി "വിളിച്ചു, തിരഞ്ഞെടുത്ത്, വിശ്വസ്തരായി" എന്നീ വാക്കുകൾക്ക് ഊന്നൽ കൊടുത്ത്, "കുഞ്ഞാട് മുഖാന്തരം ജയം" എന്ന പ്രസംഗം തയ്യാറാക്കാം. നിങ്ങൾക്ക് വേണമെങ്കിൽ, "വിളിച്ചു, തിരഞ്ഞെടുത്തു, വിശ്വസ്തരായി" എന്നീ വാക്കുകൾ ഉപയോഗിച്ച് പ്രസംഗം അവതരിപ്പിക്കാം. വ്യക്തിപരമായി, ആ മൂന്നു വാക്കുകളും നിരവധി പ്രാവശ്യം ദൈവജനത്തെ വിവരിച്ച് പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നു. (ഒരു കൺകോഡൻസ് നോക്കുക.)

---

കുറിപ്പുകൾ

[1]"കർത്താധികർത്താവും രാജാധിരാജാവും" എന്ന പ്രയോഗം വളരെ പ്രാധാന്യമുള്ള പ്രയോഗമാണ്. [2]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്‌വിലേ.: ബ്രോഡ്മാൻ പ്രസ്, 1951), 90. [3]ഈ പുസ്തകത്തിൽ ആദ്യം വന്നതായ "ഉണ്ടായിട്ടില്ലാത്തതും ഒരിക്കലും ഉണ്ടാകാത്തതുമായ പോരാട്ടം" എന്ന പാഠം നോക്കുക. [4]"പോരാട്ടം" എന്നുള്ള മൂന്നു വേദഭാഗങ്ങളിലും ഡെഫനിറ്റ് ആർട്ടിക്കിൾ (ഇംഗ്ലീഷിൽ "ദ") ഉണ്ട്. എന്നാൽ 17:14-ൽ ഡെഫനിറ്റ് ആർട്ടിക്കിൾ ഇല്ല. മൂലഗ്രന്ഥത്തിലെ 17:14 ലേത് ഏതാണ്, 12:17 ലേതുപോലെയാണ്. [5]ആരെങ്കിലും, 17:14-ൽ അവർ കർത്താവിനോടാണ് യുദ്ധം ചെയ്തത്, അല്ലാതെ അവന്റെ അനുയായികളോടല്ല എന്ന് തടസവാദം ഉന്നയിക്കുന്നവർ ഓർക്കേണ്ടത്, സാത്താൻ എല്ലായ്പോഴും കർത്താവിന്റെ ശിഷ്യന്മാരെ ആക്രമിച്ചുകൊണ്ടാണ് കർത്താവിനെ ആക്രമിക്കുന്നത് എന്നാണ് (പ്രവൃത്തി

കൾ 8:1; 9:5). [6]എഫ്. ഡബ്ലിയു. ഫറർ, *ഹിസ്റ്ററീസ് വിറ്റ്നെസ് ടു ക്രൈസ്റ്റ്*, ക്വോട്ടഡ് ഇൻ ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ, ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 27-28. [7]അദ്ധ്യായം 18 ലെ രാജാക്കന്മാർ റോമിന്റെ പതനത്തിൽ കരയുന്നതുകൊണ്ട് വാക്യം 2-ൽ പറയുന്ന രാജാക്കന്മാരല്ല ഇവർ എന്ന് ചിലർ പറയുന്നു (18:9, 10). എങ്ങനെയായാലും, പാപം ചെയ്തിട്ട് 2 കൊരിന്ത്യർ 7:10 ലേതുപോലെ, "ലോകപ്രകാരം ദുഃഖിക്കുന്നത്" അസാധാരണമല്ല. ആ രാജാക്കന്മാർ മനപ്പൂർവ്വമായിട്ടല്ലെങ്കിലും, അറിയാതെയാണെങ്കിലും അവർ കർത്താവിന്റെ ഹിതം നിവർത്തിക്കയായിരുന്നു എന്നോർക്കുക. [8]വാക്യം 16 യെഹെസ്കേൽ 23:1-35 വരെയുള്ള വിസ്തൃതമായ ദൃഷ്ടാന്തവുമായി താരതമ്യം ചെയ്യുക. കൂടാതെ മർക്കൊസ് 3:23-26 നോക്കുക. സാത്താൻ "തന്നിൽ തന്നെ ഛിദ്രിക്കുന്നു" എന്നതിന്റെ ഉദാഹരണമാണ് നമ്മുടെ വേദഭാഗം. [9]മാർട്ടിൻ എച്ച്. ഫ്രാൻസ്മാൻ, *ദ റെവലേഷൻ ടു ജോൺ* (സെന്റ്. ലൂയിസ് മോ.: കൺകോഡിയാ പബ്ലിഷിങ്ങ് ഹൗസ്, 1976), 119. [10]നഗ്നമാക്കി അവമാനിക്കുന്നതിന്, നാഹും 3:5 നോക്കുക.

[11]"തിന്നുക" എന്ന വാക്ക് ഗ്രീക്കിൽനിന്നു തർജിമ ചെയ്തതിന്റെ അർത്ഥം "ആർത്തിയോടെ കഴിക്കുക" എന്നാണ്. [12]പഴയനിയമത്തിൽ, മാംസം തിന്നുന്നത് ശത്രുവിന്റെ പ്രാകൃത പ്രവർത്തിയെയാണ് കാണിക്കുന്നത് (സങ്കീർത്തനങ്ങൾ 27:2; മീഖാ 3:3). [13]പഴയനിയമത്തിൽ, ഹീനമായ പാപത്തിനുള്ള ശിക്ഷയാണിത് (ലേവ്യാപുസ്തകം 20:14; 21:9). [14]ആ വാക്കുകൾ വരച്ചു കാണിക്കുന്നത്, റോമാ നഗരത്തിന്റെ എല്ലാ ഉറവിടങ്ങളും ദഹിച്ച് അതിനെ മുഴുവനായി നശിപ്പിക്കുമെന്നാണ്. [15]അത് ഒരു നഗരത്തിന്റെ നാശത്തെയാണ് പറയുന്നതെങ്കിലും, ഒരു മനുഷ്യനെ അശുദ്ധമാക്കുന്നതായാണ് കാണിച്ചിരിക്കുന്നത്. അവളുടെ മനോഹരമായ വസ്ത്രം ഉരിഞ്ഞുകളഞ്ഞിരുന്നു, ശരീരം നരഭോജികൾക്ക് കൊടുത്തിട്ട് ബാക്കി, ദഹിപ്പിച്ചു. ആ രംഗം വാക്കുകളാൽ എനിക്ക് വർണ്ണിക്കുവാനോ, ബ്രയൻ വാറ്റിന് വരക്കുവാനോ കഴിയുന്നതല്ല. നിങ്ങൾക്ക് അതിനെ വിവരിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ, പരീക്ഷകന്റെ വിധി ഉണ്ടാകാതിരിക്കേണ്ടതിന്, മുന്നറിയിപ്പ് വാക്കുകൾ അവഗണിക്കരുത് എന്ന് ഊന്നി പറയുക. [16]ഹോമർ ഹെയ്ലി, *റെവലേഷൻ: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 355. [17]ഹെന്റി ബി. സ്വെറ്റ്, *ദ അപോകാലിപ്സ് ഓഫ് സെന്റ്. ജോൺ* (കെയിംബ്രിഡ്ജ്: മാക്മില്ലൻ കമ്പനി., 1908, റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി.), 225. [18]ബാഹ്യമായ ഇടപെടൽ കൂടാതെ ആഭ്യന്തര കലാപത്താൽ റോം വീണുപോയി. [19]"ദൈവത്തിന്റെ വചനങ്ങൾ" എന്ന പ്രയോഗത്തിൽ ദൈവത്തിന്റെ വചനത്തിലെ ഏതൊരു വാഗ്ദാനവും മുന്നറിയിപ്പും അടങ്ങുന്നതാണ്. എന്നാൽ വെളിപ്പാട് പുസ്തകത്തിൽ "ദൈവവചനങ്ങൾക്ക്" പ്രത്യേകമായ അർത്ഥമുണ്ട്. [20]ഫിലിപ് എഡ്കുമ്പേ ഹൂഗ്സ്, *ദ ബുക്ക് ഓഫ് റെവലേഷൻ: ഏ കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1990), 188.

[21]ഹെയ്ലി, 356. ബൈബിൾ സംബന്ധമായ മറ്റൊരു നാടകീയ വസ്തുത യെശയ്യാവ് 10:5-7-ൽ കാണാം. [22]ഈ വാക്ക് മറ്റൊരു ഭാഗത്ത് ദൈവത്തിനായി ഉപയോഗിച്ചിരിക്കുന്നു (ആവർത്തനപുസ്തകം 10:17; ദാനിയേൽ 2:47; 1 തിമൊഥെയൊസ് 6:15). വെളിപ്പാടിൽ അത് യേശുവിന് ഉപയോഗിച്ചിരിക്കയാൽ അവന്റെ ദൈവികത്വത്തെ ഉറപ്പിക്കയാണ്. [23]ക്വോട്ടഡ് ഇൻ ഡേവിഡ് എഫ്. ബർജെസ്, കോമ്പ്., *എൻസൈക്ലോപീഡിയ ഓഫ് സെർമൺ ഇല്ലസ്ട്രേഷൻസ്* (സെന്റ്. ലൂയിസ്: കൺകോഡിയ

പബ്ലിഷിങ്ങ് ഹൗസ്, 1988), 36. [24]ജയത്തിൽ നമ്മുടെ പങ്കാളിത്തത്തെ 12:11-ൽ പറഞ്ഞിട്ടുണ്ട്. "*വിളിച്ചു, തിരഞ്ഞെടുത്തു, വിശ്വസ്തരായവർ*" എന്നതു "കർത്താവിന്റെ അകമ്പടിക്കാരാണ് അല്ലാതെ അവന്റെ സഹായികളല്ല. അവർ പ്രതിനിധീകരിക്കുന്നത് സ്വതന്ത്രരായ ഉറവിടങ്ങളായിട്ടല്ല, കാരണം അവന് ഒന്നും ആവശ്യമില്ല. തീർച്ചയായും അവന്റെ യോഗ്യതകൾ നോക്കിയാൽ അവർക്ക് അവനിൽ ആശ്രയിക്കണം, എന്നാൽ അവർ അവന്റെ ജയം പങ്കിട്ടിരുന്നു" എന്നാണ് ലിയോൺ മോറിസ് പറഞ്ഞത് (*റെവലേഷൻ*, റെവ. എഡി., ദ ടിൻഡേൽ ന്യുടെസ്റ്റമെന്റ് കമെന്ററീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987], 206). (എംഫസിസ് ഹിസ്.) [25]"ചർച്ച്" എന്ന വാക്ക് ഗ്രീക്കിൽനിന്നു തർജിമ ചെയ്തതിന്റെ അർത്ഥം "വിളിച്ച് വേർ-തിരിക്കപ്പെട്ടവർ" എന്നാണ്. [26]കൂടാതെ മത്തായി 25:21, 23 നോക്കുക.

---

## ചർച്ചക്കും പുനരവലോകനത്തിനും ഉള്ള ചോദ്യങ്ങൾ

1. ചിലർ എന്തുകൊണ്ടാണ് 17:14 വെളിപ്പാടിന്റെ മുഖ്യ "വിഷയവാക്യ" മെന്ന് കരുതുന്നു എന്നാണ് നിങ്ങൾ വിചാരിക്കുന്നത്?
2. നാം "ജയിക്കുന്നതിന്" പാഠം അഞ്ചു കാരണങ്ങൾ നൽകുന്നു, ഒന്നാമത്തെ കാരണം എന്താണ്? അത് എത്ര പ്രാധാന്യമുള്ളതാണ്?
3. പാഠത്തിൽ നൽകിയ രണ്ടാമത്തെ കാരണം എന്ത്?
4. രാഷ്ട്രീയ കക്ഷികൾ യോജിക്കുകയും പിന്നീട് പരസ്പരം പകെക്കുകയും നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്ത ഉദാഹരണങ്ങൾ നിങ്ങൾക്ക് നൽകുവാൻ കഴിയുമോ?
5. 17:16-ൽ വിവരിച്ച സ്ത്രീയുടെ നാശത്തെ റോമാ നഗരത്തിന്റെ നാശവുമായി താരതമ്യം ചെയ്യുക.
6. മൂന്നാമത്തെ കാരണം എന്ത്?
7. "ദൈവം തന്റെ ഉദ്ദേശം നടപ്പാക്കുവാൻ അവരുടെ ഉള്ളിൽ [രാജാക്കന്മാ രുടെ ഉള്ളിൽ] തോന്നിപ്പിച്ച ചിന്തോ - ദീപകമായ പ്രസ്താവന" വിവരിക്കുക (17:17).
8. ദൈവം ദേശങ്ങളെ നിയന്ത്രിക്കുന്നു എന്ന് പാഠത്തിൽ പറഞ്ഞതിനുള്ള ഉദാഹരണങ്ങൾ വിവരിക്കുക. മറ്റു വേദപുസ്തക ഉദാഹരണം നിങ്ങൾക്ക് പറയാമോ?
9. "നാം ജയിക്കു" മെന്നതിനുള്ള നാലാമത്തെ കാരണം എന്ത്?
10. യേശു "കർത്താധികർത്താവും രാജാധിരാജാവും" (17:14) ആയിരിക്കുന്നത്? നിങ്ങളെ എങ്ങനെ ബാധിക്കുന്നു?
11. പാഠത്തിൽ നൽകിയ അഞ്ചാമത്തെ കാരണം എന്ത്?
12. "വിളിച്ചു, തിരഞ്ഞെടുക്കപ്പെട്ടു, വിശ്വസ്തരായി" എന്നീ വാക്കുകളുടെ അർത്ഥം വിശദമാക്കുക. *നിങ്ങളെ* വിവരിക്കുന്നതാണോ ആ വാക്കുകൾ? ഇല്ലെങ്കിൽ നിങ്ങൾ എന്ത് ചെയ്യണം?